# Athmaraksha.org

പാപ്പ ലോകത്തിനു നൽകുന്ന സന്ദേശം

## നവീകരണ പദ്ധതികളിൽ പതറാതെ മുന്നേറുമെന്ന് പാപ്പാ ഫ്രാൻസിസ്



ത്രികാലപ്രാർത്ഥനയുടെ അന്ത്യത്തിൽ വത്തിക്കാനിൽ സംഭവിച്ച രഹസ്യരേഖയുടെ മോഷണത്തെക്കുറിച്ച് പാപ്പാ ഫ്രാൻസിസ് തുടർന്നു സംസാരിച്ചു.
നവംബർ 8-ാം തിയതി ഞായറാഴ്ച രാവിലെ വത്തിക്കാനിൽ നടന്ന ത്രികാല പ്രാർത്ഥനയുടെ അന്ത്യത്തിലാണ് സഭാ നവീകരണത്തിന് വിഘ്നമാകുന്ന പ്രതിസന്ധികളെ മറികടന്നും മുന്നോട്ടു പോകുമെന്ന് പാപ്പാ പരാമർശിച്ചത്.
എല്ലാവരെയും ആശ്ചര്യപ്പെടുത്തിക്കൊണ്ട്, പതിവുകൾ തെറ്റിക്കുന്ന ത്രികാല പ്രാർത്ഥനയുടെ അന്ത്യത്തിൽ വത്തിക്കാനിൽ ഉണ്ടായ രഹസ്യരേഖയുടെ മോഷണത്തെക്കുറിച്ചാണ് പാപ്പാ ഫ്രാൻസിസ് തുറന്നു സംസാരിച്ചത്.
വത്തിക്കാന്റെ രേഖകൾ പഠിക്കുവാനും പരിശോധിക്കുവാനുമായി താൻ നിയോഗിച്ച വ്യക്തികൾ തന്നെയാണ് അവ ചോർത്തി പുറത്തുള്ള ഏജൻസികൾക്കു നല്കിയതെന്നും, അത് സമൂഹത്തിന്റെ തെറ്റിദ്ധാരണയും ഉൾപ്പെടെ ഉണ്ടാക്കുന്ന പുസ്തകങ്ങളുടെ പ്രകാശനത്തിന് വഴിതെളിച്ചിട്ടുണ്ടെന്നും പാപ്പാ വേദനയോടെ ചൂണ്ടിക്കാട്ടി. കാലികമായ സഭാനവീകരണം ലക്ഷ്യമാക്കി തന്നോടൊപ്പം പ്രവർത്തിക്കുന്ന വത്തിക്കാന്റെ ഭരണസമിതിക്ക് വ്യക്തമായിട്ട് അറിയാവുന്ന രേഖകളാണ് മോഷണം പോയതെന്നും, തല്പരകക്ഷികൾ ചെയ്തത് വലിയ അപരാധമാണെന്നും പാപ്പാ പ്രസ്താവിച്ചു.
എന്നാൽ ആഗോളസഭയുടെയും പരിശുദ്ധ സിംഹാസനത്തിന്റെയും നന്മ ലക്ഷ്യമാക്കി ദൈവമഹത്വത്തിനായി എടുത്തിരിക്കുന്ന തീരുമാനത്തിൽനിന്നും പിന്മാറുകയോ പതറുകയോ ചെയ്യുകയില്ലെന്നും പാപ്പാ കൂട്ടിച്ചേർത്തു.
സഭയെ സ്നേഹിക്കുന്ന സകലരുടെയും, ജ്ഞാനസ്നാനം സ്വീകരിച്ചിട്ടുള്ള എല്ലാ സഭാമക്കളുടെയും ഉത്തരവാദിത്വപൂർണ്ണമായ പ്രാർത്ഥനയും ജീവിതവിശുദ്ധിയും ഈ നവീകരണ പദ്ധതിക്ക് തുണയാവണമെന്ന് വിശുദ്ധ പത്രോസിന്റെ ചത്വരം തിങ്ങിനിന്ന ജനാവലിയോടും, മാധ്യമങ്ങളിലൂടെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുകൊണ്ട് തന്റെ പ്രഭാഷണം ശ്രവിച്ച സകലരോടുമായി പാപ്പാ അഭ്യർത്ഥിച്ചു.